**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോട്ടയം ജില്ല – കുമരകം ഗ്രാമപഞ്ചായത്ത് – ശ്രീനാരായണ ജയന്തി ജലോത്സവം 2017 - സംഘാടന ചെലവുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2223/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 10/08/2018

പരാമർശം:- 1. കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14/09/2017 ലെ എ 3-4784/2017 നമ്പർ കത്ത്.
2.പഞ്ചായത്ത് ഡയറക്ടറുടെ 28.07.2018 ലെ ജി2-38844/17 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ കുമരകത്ത് 2017 ൽ നടന്ന ശ്രീനാരായണ ജയന്തി ജലോത്സവത്തിന്റെ നടത്തിപ്പ് ചെലവുകൾക്ക് കുമരകം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 50,000/- രൂപ സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിൽ കുമരകത്ത് 2017 ൽ നടന്ന ശ്രീനാരായണ ജയന്തി ജലോത്സവത്തിന്റെ നടത്തിപ്പ് ചെലവുകൾക്ക് കുമരകം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) സംഭാവന നൽകുന്നതിന് കമ്മിറ്റി തീരുമാനത്തിന് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രസിഡന്റ്/സെക്രട്ടറി, കുമരകം ഗ്രാമപഞ്ചായത്ത്, കുമരകം പി.ഒ, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*